65 (641) റവന്യൂ വില്ലേജുകൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വില്ലേജുകൾ പരിശോധിച്ച് വിഭജനം നടത്തുന്ന നടപടി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ വെട്ടൂർ, ചെറുന്നിയൂർ എന്നീ പഞ്ചായത്തുകൾ ഒരു വില്ലേജാഫീസിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ പഞ്ചായത്തും ഓരോ വില്ലേജാക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ ലഭിച്ച റിപ്പോർട്ടുകൾ ജീവനക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) താലൂക്ക്/വില്ലേജ് വിഭജനകാര്യത്തിൽ ഉടൻ തീരുമാനമെടുക്കാൻ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. സെൻസസ് ഡയറക്ടർ ജനറലിനെ നിർദ്ദേശമനുസരിച്ച് പുതിയ സെൻസസ് ആരംഭിക്കുന്നതിനാൽ 2001 മാർച്ച് മാസംവരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ല.

66 (642) അടിമാലി താലൂക്ക് രൂപീകരണം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ 'അടിമാലി' കേന്ദ്രമാക്കി താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സ) ഈ സർക്കാരിന്റെ കാലത്തുതന്നെ ഇതിന്റെ നടപടികൾ പൂർത്തിയാക്കുമോ?

ഉത്തരം

(എ)(ബി)&(സി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പുതിയ സെൻസസ് ആരംഭിച്ചിരിക്കുന്നതിനാൽ 2001 മാർച്ച് വരെ റവന്യൂ യൂണിറ്റുകളുടെ അതിർത്തി വ്യതിയാനം പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly